**No. CEE/4600/2019/KEAM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ NRI ക്വാട്ടാ സീററുകളിലേക്കുള്ള പ്രവേശനം – 2020

## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2020–21 അധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷം ഒഴിവു വരുന്ന NRI ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച 2020 സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് **10.12.2020 മുതൽ 14.12.2020 രാവിലെ 10.00 മണി വരെ** പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ NRI ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ഇതിനോടകം അപേക്ഷ നൽകിയിരുന്നെങ്കിലും അപേക്ഷയിലെ ന്യൂനതകൾ മൂലം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച NRI കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ വിദ്യാർത്ഥികൾക്കും മേൽ പറഞ്ഞ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് **10.12.2020 മുതൽ 14.12.2020 രാവിലെ 10.00 മണി വരെ** NRI അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

NRI ക്വാട്ടയിലൂടെ മെഡിക്കൽ കോഴ്സ് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 22.02.2020 തീയതിയിലെ G.O (Rt)No.375/2020/H&FWD നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള യോഗ്യതകൾ തെളിയിക്കേണ്ട ആധികാരിക രേഖകൾ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. കേരളീയേതരായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) മേൽപറഞ്ഞ തീയതിക്കുള്ളിൽ NRI യോഗ്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

സമയ ബന്ധിതമായി മെഡിക്കൽ/ദന്തൽ പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതിനാൽ മേൽ പറഞ്ഞ തീയതിക്കുള്ളിൽ NRI യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തവരോ, അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനോ വീണ്ടും അവസരം നൽകുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
09.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**